**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്, തിരുവനന്തപുരം**

**(സാന്നിദ്ധ്യം: ശ്രീമതി. ജെസി ജോസഫ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**(ഫുൾ അഡീഷണൽ ചാർജ്ജ്)**

വിഷയം:- എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2019 ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്കുള്ള പരീക്ഷാനുകൂല്യങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) എസ്.എസ്.എൽ.സി പരീക്ഷാ വിജ്ഞാപനം, തീയതി 25/10/2018
2) സ.ഉ (സാധാ) 110/05/പൊ.വി. (ജി) വകുപ്പ് . തീയതി 6/1/2005.

**ഉത്തരവ് നം.ഐ.ഇ.ഡി/40000/2018/ഡിപിഐ. തീയതി: 18/01/2019**

സൂചന (1) പ്രകാരം 2019 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾ വിജ്ഞാപന പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകൾ വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്/ സർക്കാർ ആശുപത്രിയിലെ സൈക്യാട്രിക് വിഭാഗം ഡോക്ടർമാർ/ പീഡിയാട്രീഷൻ ഡോക്ടർമാർ നൽകിയ സർട്ടിഫിക്കറ്റ് സഹിതം ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ, ജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

സൂചന (1) പ്രകാരം ആദ്യഘട്ടം (10/01/2019 വരെ) ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ചു. ആകെ 8182 അപേക്ഷകൾ ലഭിക്കുകയുണ്ടായി. അതിൽ 62 അപേക്ഷകൾ മതിയായ രേഖകൾ ഇല്ലാത്തതിനാൽ നിരസിച്ചു. ബാക്കിയുള്ള 8120 വിദ്യാർത്ഥികൾക്ക് മേൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പ്രധാന അദ്ധ്യാപകരുടെയും ജില്ലാ വിദ്യാഭ്യാസ ആഫീസറുടെയും ശുപാർശ പ്രകാരം പട്ടികയായി ഉൾപ്പെടുത്തിയിട്ടുള്ള ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് 2019 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിന് താഴെ പറയും പ്രകാരമുള്ള പരീക്ഷാനുകൂല്യങ്ങൾ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. (നിരസിക്കപ്പെട്ട അപേക്ഷകൾ 08.02.2019നു മുമ്പ് ഈ ആഫീസിൽ ആവശ്യമായ സർട്ടിഫക്കറ്റുകൾ സഹിതം ജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന പുന:സമർപ്പിക്കേണ്ടതാണ്).

1995 ലെ വികലാംഗ സംരക്ഷണ നിയമം, 2016ലെ വികലാംഗരുടെ അവകാശ സംരക്ഷണ നിയമം എന്നിവയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പരീക്ഷാനുകൂല്യങ്ങൾ പരീക്ഷാർത്ഥികൾക്ക് തടസ്സം കൂടാതെ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ പരീക്ഷാ ഭവൻ സെക്രട്ടറി / അതാത് പരീക്ഷാ സെന്ററുകളിലെ ചീഫ് സൂപ്രണ്ടുമാർക്ക് സമയബന്ധിതമായി നൽകേണ്ടതാണ്. നിലവിലെ നിയമ പ്രകാരം പരീക്ഷാർത്ഥികൾക്ക്

സ്ക്രൈബ്/ഇന്റർപ്രെട്ടർ എന്നിവരുടെ സേവനം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് അതാത് ജില്ലാ വിദ്യാഭ്യാസ ആഫീസർമാരാണ് . സ.ഉ.(അച്ചടി) നം. 412/69/പൊ.വി.വ തീയതി 03/11/1969 പ്രകാരം സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആളുടെ വിദ്യാഭ്യാസ യോഗ്യത പരീക്ഷാർത്ഥിയെക്കാൾ കൂടുവാൻ പാടുള്ളതല്ല. സമഗ്ര ശിക്ഷയിലെ റിസോഴ്സ് അദ്ധ്യാപകരേയോ, അവരുടെ അഭാവത്തിൽ പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകരേയോ ആണ് ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ വ്യാഖ്യാതാക്കളായി നിയമിക്കേണ്ടത്. വ്യഖ്യാതാക്കളെ നിയമിക്കുന്ന കാര്യത്തിൽ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പ്രത്യേക ശ്രദ്ധയും, അതീവ സൂക്ഷ്മതയും കാണിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് യാതൊരു പരാതിയ്ക്കും ഇടനൽകുവാൻ പാടുള്ളതല്ല. പരീക്ഷാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തെറ്റായി സർട്ടിഫിക്കറ്റ് നൽകുകയോ, ആയത് ആനുകൂല്യങ്ങൾ നേടുന്നതിന് പരീക്ഷാർത്ഥികൾ ഉപയോഗിക്കുകയോ ചെയ്യുന്നത് ശിക്ഷാർഹമാണ്. ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ തെറ്റായ സർട്ടിഫിക്കറ്റിലൂടെ നേടുന്നതും, ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശുപാർശ ചെയ്യുന്നതും കുറ്റകരമാണ്.

ഗ്രേസ്മാർക്കിന് അർഹതയുള്ളതും, ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രം, ജ്യോമെട്രിക്കൽ ഫിഗേഴ്സ് എന്നിവയിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമായ പരീക്ഷാർത്ഥികളുടെ പ്രധാന ഉത്തരക്കടലാസിൻെറ ഏറ്റവും മുകളിലായി പരീക്ഷാ സെൻററുകളിലെ ചീഫ് സൂപ്രണ്ടുമാർ ചുവന്ന മഷിയിൽ അനുവദിക്കപ്പെട്ട ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ടതും, ടി ആനുകൂല്യങ്ങൾ പരീക്ഷാ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ വച്ചു തന്നെ നൽകേണ്ടതുമാണ്.

**പൊതു പരീക്ഷയ്ക്കു ശേഷം നടക്കുന്ന 2019 ലെ സേ പരീക്ഷയ്ക്കും ഈ ഉത്തരവ് ബാധകമായിരിക്കും.**

എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് നിയോഗിക്കപ്പെടുന്ന ഇൻവിജിലേറ്റേഴ്സിന് ലഭിക്കുന്ന അതേ യാത്രാബത്തയും, പ്രതിഫലവും വ്യാഖ്യാതാവായി നിയോഗിക്കപ്പെടുന്നവർക്കും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. സ്ക്രൈബായി നിയോഗിക്കപ്പെടുന്നവർക്ക് ഓരോ പരീക്ഷയ്ക്കും 100/- രൂപാ വീതം ലഭിക്കുന്നതിന് സ.ഉ.(കയ്യെഴുത്ത് നം. 44/2010/പൊ.വി. വ. തീയതി 25/03/2010 പ്രകാരം അർഹതയുണ്ടായിരിക്കുന്നതാണ്. ഇതിനായുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ വിദ്യാഭ്യാസ ഉപയറക്ടർമാർക്ക് സമർപ്പിക്കേണ്ടതും, പരീക്ഷ നടത്തിപ്പിനായുള്ള പരീക്ഷ ഭവൻ ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതുമാണ്. വ്യാഖ്യാതാക്കളായി നിയമിക്കുന്നതിനുള്ള റിസോഴ്സ് അദ്ധ്യാപകരുടെ പട്ടിക സമഗ്ര ശിക്ഷ ജില്ലാ ഓഫീസിൽ

നിന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശേഖരിക്കേണ്ടതും നിയമന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

<u>അധികസമയം മാത്രം ലഭിക്കുന്ന പരീക്ഷാർത്ഥികളെ അവരവരുടെ പരീക്ഷ ഹാളുകളിൽ തന്നെ മറ്റു കുട്ടികളോടൊപ്പം ഇരുത്തി പരീക്ഷ എഴുതിക്കേണ്ടതാണ്. ഇത് ലംഘിക്കുന്നത് ചീഫ് സൂപ്രണ്ടന്റുമാരുടെ വീഴ്ചയായി പരിഗണിക്കുന്നതാണ്.</u>

<u>കുറിപ്പ്</u>

1) അധികസമയം – ഓരോ മണിക്കൂറിനും പത്ത് മിനിട്ട് വീതം.
2) വൊക്കേഷണൽ വിഷയങ്ങൾ, ഐ.ടി. പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള എല്ലാ പരീക്ഷകൾക്കും അധികസമയം ബാധകമായിരിക്കും.
3) ഗ്രേസ് മാർക്ക് – ശ്രവണവൈകല്യം, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗം വിദ്യാർത്ഥികൾക്ക് 25% ഗ്രേസ് മാർക്ക് അധികമായി ലഭിക്കുന്നതും, ആയത് പരീക്ഷ മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ വച്ചു തന്നെ നൽകേണ്ടതുമാണ്.
4) വ്യാഖ്യാതാവ് – ചോദ്യങ്ങൾ വായിക്കുകയും ലളിതവൽക്കരിച്ച് നൽകുകയും ചെയ്യുക. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂട്ടിയുള്ള ഉത്തരവില്ലാതെ റിസോഴ്സ് അധ്യാപകരുൾപ്പെടെയുള്ള വ്യാഖ്യാതാക്കളെ അവരവരുടെ വിദ്യാലയങ്ങളിൽ വ്യാഖ്യാതാക്കളായി നിയമിക്കുവാൻ പാടുള്ളതല്ല. ഏതെങ്കിലും വിദ്യാർത്ഥിയുടെ വൈകല്യത്തിന്റെ സ്വഭാവം പരിഗണിച്ച് അതാത് വിദ്യാലയങ്ങളിൽ തന്നെ ടി അദ്ധ്യാപകർ നിയമിക്കപ്പെടണമെന്നുണ്ടെങ്കിൽ ആയതിനുള്ള അപേക്ഷ ബന്ധപ്പെട്ട സ്കൂൾ പ്രധാന അദ്ധ്യാപകർ കാര്യകാരണ സഹിതം വ്യക്തമാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടുകൂടി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5) പഠന വൈകല്യമുള്ള എട്ട് പരീക്ഷാർത്ഥികൾക്ക് വരെ ഒരു വ്യാഖ്യാതാവിന്റെ സേവനമായിരിക്കും അനുവദിക്കുക. എന്നാൽ ബുദ്ധിപരമായ വൈകല്യം നേരിടുന്നവർ, ശ്രവണവൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് വ്യാഖ്യാതാവിനെ 1:4 എന്ന അനുപാതത്തിൽ അനുവദിക്കുന്നതാണ്.
6) സ്ക്രൈബ് – ചോദ്യങ്ങൾ വായിച്ച് കൊടുക്കുകയും, പരീക്ഷാർത്ഥികൾ പറയുന്ന ഉത്തരങ്ങൾ എഴുതി എടുക്കുകയും ചെയ്യുക.
7) കാഴ്ചവൈകല്യം, ബുദ്ധിപരമായ വെല്ലുവിളികൾ, അസ്ഥിസംബന്ധമായ വൈകല്യം എന്നീ വിഭാഗം കുട്ടികൾ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രം, ജോമെട്രിക്കൽ ഫിഗേഴ്സ് എന്നിവ ഒഴിവാക്കിയിട്ടുണ്ട്. ടി വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ ഈ വിഭാഗം ചോദ്യങ്ങൾ ഒഴിവാക്കിയാണ് മൂല്യനിർണ്ണയം നടത്തേണ്ടത്. ടി ചോദ്യങ്ങൾക്കുള്ള മാർക്ക് മറ്റ് ഉത്തരങ്ങൾക്ക് ലഭിക്കുന്ന മാർക്കിന് ആനുപാതികമായി മൂല്യനിർണ്ണയ കേന്ദ്രങ്ങളിൽ നിന്നു തന്നെ നൽകേണ്ടതാണ്.
8) ഭാഷാ വിഷയങ്ങൾ, കണക്ക് എന്നിവയ്ക്ക് പകരമായി എടുത്തിട്ടുള്ള വൊക്കേഷണൽ വിഷയങ്ങൾക്കുള്ള പരീക്ഷ പൊതുപരീക്ഷകൾക്കു ശേഷം കേരള പരീക്ഷ ഭവൻ നടത്തുന്നതാണ്. പരീക്ഷ സെന്ററുകൾ, തീയതി എന്നിവ പരീക്ഷ ഭവനിൽ നിന്നും അറിയിക്കുന്നതാണ്.
9) ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ ഉത്തരവിന്റെ പകർപ്പ് എല്ലാ പരീക്ഷ സെന്റുകളിലെയും ചീഫ് സൂപ്രണ്ടന്റുമാർക്ക് നൽകേണ്ടതാണ്.
10) വ്യാഖ്യാതാവിന്റെയും, സ്ക്രൈബിന്റെയും സേവനം ലഭിച്ചിട്ടുള്ള പരീക്ഷാർത്ഥികൾക്കായി പ്രത്യേകം പരീക്ഷ ഹാൾ അനുവദിക്കേണ്ടതും, ടി ഹാളിലേയ്ക്ക് മാത്രമായി പ്രത്യേകം ഇൻവിജിലേറ്ററെ നിയമിക്കേണ്ടതുമാണ്. ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികൾക്കായി സ്കൂൾ വരാന്തകൾ പരീക്ഷാ ഹാളായി അനുവദിക്കുവാൻ പാടുള്ളതല്ല.

11) പരീക്ഷ സെൻ്ററുകളിലെ ചീഫ് സൂപ്രണ്ടുമാർ/ ഡെപ്യൂട്ടി സൂപ്രണ്ടുമാർ ഭിന്നശേഷിക്കാരായ കുട്ടികൾ പരീക്ഷയെഴുതുന്ന ഹാളിൽ ചോദ്യക്കടലാസുകൾ കൃത്യസമയത്ത് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.വ്യാഖ്യാതാവ് അല്ലെങ്കിൽ സ്ക്രൈബ് ഒരു കാരണവശാലും ചോദ്യക്കടലാസുകൾ ശേഖരിക്കുവാൻ പാടുള്ളതല്ല.

12) ഭിന്നശേഷിക്കാരായ പരീക്ഷാർത്ഥികൾ നിശ്ചിത സമയത്തിന് മുമ്പേ പരീക്ഷ എഴുതിത്തീർക്കുകയാണെങ്കിൽ ടി വിദ്യാർത്ഥികളുടെ വൈകല്യത്തിന്റെ സ്വഭാവം പരിഗണിച്ച് ചോദ്യക്കടലാസുകൾ ഇൻവിജിലേറ്റർമാരെ തിരികെ ഏൽപ്പിച്ചതിന് ശേഷം പരീക്ഷ ഹാളിൽ നിന്നും പുറത്തു പോകാൻ അനുവദിക്കാവുന്നതാണ്.

13) പരീക്ഷ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുകയാണെങ്കിൽ അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ പരീക്ഷാവേളയിലോ, പരീക്ഷയ്ക്ക് മുമ്പോ, പിമ്പോ എപ്പോൾ വേണമെങ്കിലും പിൻവലിക്കുവാനുള്ള പൂർണ്ണ അധികാരം പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. ആനുകൂല്യങ്ങൾ ലഭിച്ച സർട്ടിഫിക്കറ്റുകൾ കൂടുതൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയാൽ ആയതിന് നിയമിക്കപ്പെടുന്ന വ്യാഖ്യാതാക്കളും, ഇൻവിജിലേറ്ററും, ചീഫ് സൂപ്രണ്ടുൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാരും ഉത്തരവാദികളായിരിക്കും.

ജെസ്സി ജോസഫ്

പൊതുവിദ്യാഭ്യാസഡയറക്ടർ (ഫുൾ അഡീഷണൽ ചാർജ്ജ്)

പകർപ്പ്

1) സെക്രട്ടറി, പരീക്ഷ ഭവൻ
2) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ.
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ
4) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
5) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
6) എല്ലാ ഹൈസ്കൂൾ പ്രധാന അധ്യാപകർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർ വഴി)
7) ഓഫീസ് ഫയൽ